മേഖലകളിൽ പ്രാവീണ്യം തെളിയിച്ചിട്ടുള്ള 31 ഏജൻസികളെ പാനൽ ചെയ്തിട്ടുണ്ട്. കൺസൾട്ടിംഗ് ഏജൻസികളെ നഗരസഭകൾക്ക് തെരഞ്ഞെടുക്കാവുന്നതാണ്. നഗരസഭകൾ കൺസൾട്ടിംഗ് ഏജൻസികൾ മുഖേന തയ്യാറാക്കി സമർപ്പിക്കുന്ന പ്രിലിമിനറി പ്രോജക്ട് പ്രൊഫൈൽ റിപ്പോർട്ടുകൾ വിലയിരുത്തുന്നതും അംഗീകാരം നൽകുന്നതും ഇതിനായി രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ എക്സ്പർട്ട് കമ്മിറ്റികളാണ്.

ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റികൾ അംഗീകാരം നൽകുന്ന മുറയ്ക്ക് ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള സർക്കാരുമായുള്ള ത്രികക്ഷി കരാറിൽ നഗരസഭയും കൺസൾട്ടിംഗ് ഏജൻസിയും ഏർപ്പെടാവുന്നതാണ്. പ്രസ്തുത കരാറിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിലും നിബന്ധനയിലും ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള കൺസൾട്ടൻസി ഫീ ബന്ധപ്പെട്ട ഏജൻസികൾക്ക് കെ.എസ്.യു.ഡി.പി. മുഖേന നൽകുന്നതാണ്. ഇപ്രകാരം തയ്യാറാക്കുന്ന ഡി.പി.ആർ.-കൾ ഉപയോഗിച്ച് അടിസ്ഥാന സൗകര്യ വികസനത്തിനുള്ള ഫണ്ടുകൾ നേടിയെടുക്കേണ്ട ചുമതല അതത് നഗരസഭകൾക്കാണ്. ഇതിനായുള്ള പ്രവർത്തനങ്ങൾ സുഗമമാക്കാൻ നോഡൽ ഏജൻസിയായ കെ.എസ്.യു.ഡി.പി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം

21 (*290) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എസ്. ശർമ്മ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് പ്രസ്സുകളെ സംബന്ധിച്ച ഇന്ദിരാ ചന്ദ്രശേഖരൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ എന്തെല്ലാമായിരുന്നു; പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കപ്പെട്ടത് എന്നായിരുന്നു;

(ബി) പ്രസ്തുത റിപ്പോർട്ടിലെ ഏതെല്ലാം ശിപാർശകൾ നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഗവൺമെന്റ് പ്രസ്സുകളുടെ ആധുനികവൽക്കരണം സംബന്ധിച്ച ശിപാർശകൾ നടപ്പിലാക്കുന്നതിൽ വീഴ്ച സംഭവിച്ചതായ കാര്യം അറിയാമോ;

(ഡി) വിവിധ വകുപ്പുകളുടെ അച്ചടി ജോലികൾ സ്വകാര്യ പ്രസ്സുകൾക്ക് നൽകിവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കാൻ ഗവ. പ്രസ്സുകളുടെ ആധുനികവൽക്കരണം ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ?

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ&ബി) സർക്കാർ പ്രസ്സുകളുടെ നവീകരണത്തിനായി ശ്രീമതി ഇന്ദിരാ ചന്ദ്രശേഖർ അദ്ധ്യക്ഷയായി 23-2-2010-ലെ ജി.ഒ. (എം.എസ്.) നം.35/10

LIBRARY ARCHIVES Kerala Legislative Assembly

ഉ.വി.വ. പ്രകാരം രൂപീകരിച്ച കമ്മിറ്റി 11-05-2011-ൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശിപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇന്ദിരാ ചന്ദ്രശേഖർ കമ്മിറ്റി റിപ്പോർട്ടിന്റെ ശിപാർശകളിന്മേൽ നടപടി സ്വീകരിക്കുന്നതു സംബന്ധിച്ച് 21-03-2013, 25-03-2013 എന്നീ തീയതികളിൽ ബഹുമാനപ്പെട്ട കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം കൂടുകയുണ്ടായി. പ്രസ്തുത യോഗത്തിലെ തീരുമാനങ്ങൾക്കനുസൃതമായി നടപടികൾ കൈക്കൊള്ളുകയും ശിപാർശയിലെ എല്ലാ നിർദ്ദേശങ്ങളും പരിശോധിച്ചു വരുകയും ചെയ്യുന്നു. പ്രസ്തുത റിപ്പോർട്ടിലെ (1) (2) ശിപാർശകളായ പ്രിന്റിംഗ്, സ്റ്റേഷനറി വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു മേജർ വകുപ്പാക്കി ഉയർത്തുന്നതിനും പ്രിന്റിംഗ് & സ്റ്റേഷനറി ഡയറക്ടറായി ഐ.എ.എസ്. കേഡറിലുള്ള ഉദ്യോഗസ്ഥനെ നിയമിക്കണമെന്നുള്ള ശിപാർശകളിന്മേൽ തുടർനടപടി കൈക്കൊള്ളുന്നതിനായി പൊതുഭരണ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും പ്രസ്തുത ശിപാർശ പ്രായോഗികമായി നടപ്പാക്കാൻ വൈഷമ്യമുള്ളതിനാൽ ഇപ്പോൾ പരിഗണിക്കാൻ സാധിക്കുകയില്ല എന്ന് പൊതുഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. റിപ്പോർട്ടിലെ 3, 4 ശിപാർശകളായ അച്ചടിവകുപ്പിൽ നിലവിലുള്ള പ്രസ്സ് മാന്വൽ പരിഷ്കരിച്ച്, ഭേദഗതി വരുത്തുന്നതിനെക്കുറിച്ചും നിലവിലുള്ള സ്പെഷ്യൽ റൂൾ പരിഷ്കരണവും ആധുനിക വൽക്കരണത്തിന്റെ ഭാഗമായി നിലവിൽ വന്നിട്ടുള്ള പുതിയ തസ്തികകൾക്കും പുതുതായി സൃഷ്ടിക്കേണ്ട തസ്തികകൾക്കുമുള്ള നിയമനരീതി, യോഗ്യത എന്നിവ നിശ്ചയിക്കുന്നതിനെക്കുറിച്ചും പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുമായും ശിപാർശ 5,6,7,8 എന്നിവ പരിഗണിക്കുന്നതിനുമായി ഒരു മൂന്നംഗ കമ്മിറ്റി രൂപീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. ആധുനികവൽക്കരണത്തിന്റെ ഭാഗമായി അത്യാധുനിക വെബ്ഓഫ് സെറ്റ് മെഷീനുകൾ 3 എണ്ണം മണ്ണന്തല, വാഴൂർ, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ ഗവൺമെന്റ് പ്രസ്സുകളിൽ സ്ഥാപിച്ചിട്ടുണ്ട്. ഇതിനു പുറമെ കോഴിക്കോട്, ഷൊർണ്ണൂർ, വാഴൂർ എന്നീ ഗവൺമെന്റ് പ്രസ്സുകളിൽ റീൽപേപ്പർ ഗോഡൗണുകളും സ്ഥാപിച്ചിട്ടുണ്ട്.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി 220.1 ലക്ഷം രൂപ ചെലവിൽ ഓഫീസ് ഓട്ടോമേഷൻ പ്രവർത്തനങ്ങൾ അച്ചടി വകുപ്പിൽ നടന്നുവരുന്നു. COMPOSE എന്ന പേരിലുള്ള ഈ പദ്ധതി കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ എൻ.ഐ.സി.-യാണ് നടപ്പാക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly